# ‘അപ്പനെയും അമ്മയെയും ബഹുമാനിക്കുക’

## എഫെസ്യർ 6:1–3

“മക്കളേ, നിങ്ങളുടെ അമ്മയപ്പന്മാരെ കർത്താവിൽ അനുസരിപ്പിൻ; അതു ന്യായമല്ലോ. നിനക്കു നന്മ ഉണ്ടാകുവാനും നീ ഭൂമിയിൽ ദീർഘായുസ്സോടിരിപ്പാനും നിന്റെ അപ്പനെയും അമ്മയെയും ബഹുമാനിക്ക’’ എന്നതു വാഗ്ദത്തത്തോടുകൂടിയ ആദ്യകല്പന ആകുന്നു.”

പുരാതന കാലത്ത് അശക്തരും, വികലാംഗരും, രോഗികളും ആയിത്തീരുന്ന മക്കളേ പല രാജ്യങ്ങളിലും വെള്ളത്തിൽ മുക്കി കൊല്ലുമായിരുന്നു എന്നു ചരിത്രം പറയുന്നു. റോമൻ നിയമത്തിൽ ഒരപ്പന് തന്റെ മക്കളേ എന്തു ചെയ്യുന്നതിനും അവകാശമുണ്ടായിരുന്നു. അങ്ങനെയുള്ള കാലയളവിലാണ് പൗലോസ് അപ്പോസ്തോലൻ വ്യത്യസ്തമായ ഒരു ഉപദേശം നൽകുന്നത്. ക്രിസ്ത്യാനിത്വം കുഞ്ഞുങ്ങൾക്കും വിശിഷ്യാ സ്ത്രീകൾക്കും ലോകത്തിൽ വരുത്തിയ നന്മ വർണ്ണനാതീതമാണ്.

പുറപ്പാട് 20:12 ൽ നിനക്ക് ദീർഘായുസ്സുണ്ടാകുവാൻ അപ്പനെയും അമ്മയെയും ബഹുമാനിക്കണമെന്ന് ദൈവം ഖണ്ഡിതമായി കല്പിച്ചിരിക്കുന്നു. പുതിയനിയമത്തിലും അതിന്റെ പ്രാധാന്യം കൂടി വരുന്നു. അനുഗ്രഹത്തിന്റെ വാഗ്ദാനം 10 കല്പനകളിൽ ഇതിനു മാത്രമാണുള്ളത്. കൊലോസ്യർ 3.20 ൽ അത് വീണ്ടും പറയുന്നു. യേശു കാണിച്ചു തന്ന മാതൃകയും അതു തന്നെയാണ്. ഒരുവന് ഭൗതീകമായി നന്മ വരണമെങ്കിൽ, ദീർഘായുസ്സ് ലഭിക്കണമെങ്കിൽ ഈ കല്പനയുടെ പാലനം അത്യന്താപേക്ഷിതമാണ്.

മാതാപിതാക്കളെ മക്കൾ ബഹുമാനിക്കുവാൻ ഇടയാകുംവിധം അവരേ പത്ഥ്യോപദേശത്തിലും ദൈവഭക്തിയാലും വളർത്തണം. അതിനുപകരം മക്കൾക്ക് ക്രൂരമായും അനാവശ്യമായും ശിക്ഷകൾ കൊടുക്കുകയും ആവശ്യമില്ലാതെ കുറ്റം പറയുകയും ചെയ്താൽ അവർ കോപിഷ്ഠരായും, അനുസരണം കെട്ടവരായും, ഭീരുക്കളായും, കഴിവില്ലാത്തവരായും തീരും. മാർട്ടിൻ ലൂഥറിന്റെ ഭാര്യ കുട്ടികളെ അധികമായി ശിക്ഷിച്ചിരുന്നു. ലൂഥർ ഒരു ദിവസം അതു കണ്ടു പറഞ്ഞു, ‘‘അവർ നല്ലതു ചെയ്യുമ്പോൾ കൊടുക്കുവാനായി വടിയോടൊപ്പം ഒരു ആപ്പിളും കരുതണം എന്ന്’’.

മക്കൾ മാതാപിതാക്കന്മാരെ അനുസരിക്കാത്ത ഒരു ലോകത്തിലാണ് നാമിന്ന് ജീവിക്കുന്നത്. അന്ത്യകാലത്തിന്റെ ലക്ഷണങ്ങളിലൊന്നായി പൗലോസ് 2 തിമോത്തി 3:2 ൽ അതു നമ്മേ ഓർമ്മിപ്പിക്കുന്നു. അനുസരണത്തിൽ ദൈവത്തിന് ഒന്നാം സ്ഥാനവും, അതിനുശേഷം

മാതാപിതാക്കന്മാരെ സകലത്തിലും എന്ന വിശിഷ്ട ദൗത്യം ഇന്ന് വലുതായിരിക്കുന്നു. മക്കളെ ബാലശിക്ഷയിലും പഥ്യോപദേശത്തിലും വളർത്താതിരിക്കുന്നതുകൊണ്ട് പല മാതാപിതാക്കന്മാരും ഒടുവിൽ ദുഃഖിക്കേണ്ട അവസ്ഥ വരുന്നു.

ഒന്നു ചിന്തിക്കാം; നാം നമ്മുടെ മക്കൾക്ക് കൊടുക്കുന്ന സമ്പാദ്യം എന്താണ്. ധനസമ്പാദനത്തിനുള്ള പരക്കം പാച്ചിലിൽ മക്കളോടൊപ്പം സമയം ചിലവിടാനോ അവരുടെ ആത്മീയ കാര്യങ്ങളേക്കുറിച്ച് അന്വേഷിക്കുവാനോ സമയം ഇല്ലാതെ പോകുന്നു. ധനം നമ്മുടെ ജീവിതത്തിന് ആവശ്യമുള്ള ഒന്നാണ്. എന്നാൽ അതിനേക്കാൾ എത്രയോ ഉപരിയാണ് ആത്മാവിന്റെ രക്ഷയും നിത്യതയിലേക്കുള്ള പ്രവേശനവും. മുമ്പേ അവന്റെ രാജ്യവും നീതിയും അന്വേഷിക്കുവാൻ കർത്താവ് പറയുന്നതും അതുകൊണ്ടാണ്. ഈ ലോകകാര്യങ്ങൾക്ക് അതു കഴിഞ്ഞിട്ടുള്ള സ്ഥാനമേ ഉള്ളു എന്നാണതിന്റെ അർത്ഥം.

യഹോവ ഭക്തി ജ്ഞാനത്തിന്റെ ആരംഭമാകുന്നുവല്ലോ. മക്കളെ യഹോവ ഭക്തിയിലും ഭയത്തിലും വളർത്തുക. ഇതായിരിക്കട്ടെ അവർക്കുള്ള സമ്പാദ്യം.

പരാമർശം:

സദൃശവാക്യങ്ങൾ 22:6

ബാലൻ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസിപ്പിക്ക; അവൻ വൃദ്ധനായാലും അതു വിട്ടുമാറുകയില്ല.

ബ്രദർ ജോബി ജെയിംസ് ചങ്ങനാശ്ശേരി 007